THIRUVANANTHAPURAM REGIONAL CO-OPERATIVE MILK PRODUCERS' UNION Ltd.
KSHEERA BHAVAN, PATTOM, THIRUVANANTHAPURAM-695 004
PH: 2447109, 2448057, 2446845 Fax No.0471-2449567

No. TRU/PER/79/2025 Dtd: 27.01.2025

# ക്ലീനിംഗ് ക്വട്ടേഷൻ

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ പട്ടം ക്ഷീരഭവനിലെ ഓഫീസ് ക്ലീനിംഗ്, കരാർ വ്യവസ്ഥയിൽ 2 വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

വിശദവിവരങ്ങൾ ഈ ഓഫീസിൽ നിന്നും, www.milmatrcmpu.com. എന്ന വെബ്സൈറ്റിൽ നിന്നുംലഭ്യമാണ്.

ക്വട്ടേഷൻ സ്വീകരിയ്ക്കുന്ന അവസാന തീയതി - 12.02.2025, 2.30 P.M.

മാനേജിംഗ്ഡയറക്ടർ

## തിരുവനന്തപുരംമേഖലസഹകരണ ക്ഷീരോല്പാദക യൂണിയൻ
## ഹെഡ്ഓഫീസ്, പട്ടം, തിരുവനന്തപുരം

### ക്ലീനിംഗ്ജോലികൾക്കായുള്ള കൊട്ടേഷൻ/ കരാർ നിബന്ധനകൾ

(എ) തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ പട്ടത്തുള്ള ഹെഡ്ഓഫീസ് കെട്ടിടത്തിന്റെ ഏകദേശം 14000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടു നിലകളും എല്ലാ പ്രവർത്തി ദിവസവും തൂത്തു തുടയ്ക്കുക, ശുചിമുറികൾ, വാഷ്ബേസിനുകൾ കഴുകിവൃത്തിയാക്കുക, റെസ്റ്ററൂം, കിഴക്കു ഭാഗത്തുള്ള മാർക്കറ്റിംഗ് ക്യാഷ് കൗണ്ടർ തൂത്തു തുടയ്ക്കുക, മെയിൻ ഹാളിൽ സൂക്ഷിച്ചിട്ടുള്ള നിലവിളക്ക്, ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ മുറിയുടെ വാതിലിൽ ഫിറ്റു ചെയ്തിട്ടുള്ള നെയിംബോർഡ് എന്നിവ മെറ്റൽ പോളീഷ് ഉപയോഗിച്ച് തുടച്ച് മാസം തോറും മിനുക്കി വയ്ക്കുക, മുൻവശത്തും പുറകിലും ഇരുവശങ്ങളിലുമുള്ള മുറ്റം തൂത്തു വൃത്തിയാക്കുക.

(ബി) ഈ ഓഫീസിലെ സ്ഥിരം ഉപയോഗത്തിലിരിക്കുന്ന മുറികളുടെ തറ മാസത്തിലൊരിക്കൽ കഴുകി വൃത്തിയാക്കുക, തുറസ്സായ സ്ഥലങ്ങളിലെ തറ ആഴ്ചയിലൊരിക്കൽ വാക്വം ക്ലീനർ ഉപയോഗിച്ച് പൊടിമാറ്റി വൃത്തിയാക്കേണ്ടതാണ്.

(സി) ഫാൻ, ലൈറ്റുകൾ, ഫർണീച്ചർ, ഭിത്തികൾ എന്നിവ തുടച്ചു വൃത്തിയാക്കുന്ന ജോലിയും (ബി) വിഭാഗത്തിൽ പെടുന്ന ജോലികളും ഞായറാഴ്ച ദിവസങ്ങളിൽ ചെയ്യേണ്ടതാണ്. ഈ ജോലികൾ ചെയ്യുമ്പോൾ ബന്ധപ്പെട്ട സ്റ്റാഫിനേയോ, സെക്യൂരിറ്റിയേയോ ബോധ്യപ്പെടുത്തി ഒപ്പിട്ടു വാങ്ങേണ്ടതാണ്. ഇതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ഡി) പ്രധാന കെട്ടിടത്തിന്റെ പുറകിലുള്ള റെസ്റ്ററൂം, കാർഷെഡ് ഉൾപ്പെടുന്ന പഴയ കെട്ടിടത്തിനു മേലും കിഴക്കു ഭാഗത്തുള്ള മാർക്കറ്റിംഗ് ക്യാഷ് കൗണ്ടർ ഉൾപ്പെടുന്ന പഴയ കെട്ടിടങ്ങളുടെ മേലും, അവയുടെ മുറ്റങ്ങളിലും പ്രധാന കെട്ടിടത്തിലും ഉള്ള കളകളും വള്ളിപ്പടർപ്പുകളും മൂന്നുമാസത്തിലൊരിക്കൽ നീക്കം ചെയ്ത് വൃത്തിയാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ജോലികൾക്ക് കരാറുകാരൻ എല്ലാ പ്രവർത്തിദിവസും പ്രവർത്തി പരിചയമുള്ള രണ്ട് തൊഴിലാളികളെയെങ്കിലും രാവിലെ 7.30 മണിമുതൽ 11.30 മണിവരെ നിയോഗിക്കേണ്ടതാണ്.

ക്ലീനിംഗിനാവശ്യമായ ഉപകരണങ്ങൾ, ക്ലീനിംഗ്മെറ്റീരിയൽസ്, എന്നിവ ഈ ഓഫീസിൽ നിന്നും നൽകുന്നതാണ്.

## <u>കരാർസംബന്ധമായ പൊതുവ്യവസ്ഥകളും നിബന്ധനകളുംതാഴെകൊടുത്തിരിക്കുന്നു:</u>

1. ക്ലീനിംഗ് ജോലികൾക്ക് ഒരു മാസത്തേക്കുള്ള നിരക്ക് സമർപ്പിക്കേണ്ടതാണ്.

2. സർക്കാർ സ്ഥാപനങ്ങളിൽ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ/ സഹകരണ സ്ഥാപനങ്ങളിൽ മൂന്നു വർഷത്തിനുമേൽ ക്ലീനിംഗ് ജോലികളിൽ പ്രവർത്തി പരിചയമുള്ളവരുടെ ക്വൊട്ടേഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളു. പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ കൂടി ക്വൊട്ടേഷനോടൊപ്പം നൽകിയിരിക്കണം.

3. കരാറുകാരൻ നിയമപരമായി ലൈസൻസ് ഉള്ള വ്യക്തിയും / സ്ഥാപനവും ആയിരിക്കേണ്ടതും ആവശ്യമുള്ള ജീവനക്കാരെ സ്വന്തമായി നിയോഗിക്കേണ്ടതും, അവരുടെ ശമ്പളം, ഇ.എസ്.ഐ., പ്രോവിഡണ്ട് ഫണ്ട്, മറ്റു നിയമപരമായ ആനുകൂല്യങ്ങൾ എന്നിവ നൽകേണ്ടതുമാണ്. ടി കരാറുകാരന്റെ തൊഴിലാളികളുമായി ഈ സ്ഥാപനത്തിനു തൊഴിലാളി - തൊഴിലുടമ ബന്ധം ഉണ്ടായിരിക്കുന്നതല്ല.

4. കരാറുകാരൻ ആതാതുകാലങ്ങളിൽ നിയമാനുസൃതമുള്ള എല്ലാ ബാദ്ധ്യതകളും നിറവേറ്റേണ്ടതാണ്.

5. ഏൽപ്പിച്ചിട്ടുള്ള ജോലി വൃത്തിയായും, പൂർണ്ണമായും ചെയ്യാത്ത പക്ഷം ബിൽ തുകയിൽ കുറവ് വരുത്തുവാൻ മേഖല ക്ഷിരോല്പാദക യൂണിയന് അവകാശമുണ്ടായിരിക്കും.

6. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളിയ്ക്ക് കേരളസംസ്ഥാന സർക്കാർ അനുശാസിക്കുന്ന നിയമാനുസൃതമായ മിനിമം വേതനം നൽകിയിരിക്കേണ്ടതാണ്. മിനിമം വേതനത്തിൽ കുറഞ്ഞ തുകയ്ക്കുള്ള ക്വൊട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. ഈ കരാറുമായി ബന്ധപ്പെട്ട് നിയമപരമായി കരാറുകാരൻ നൽകേണ്ട തുക ഈടാക്കി ബന്ധപ്പെട്ടവർക്കു നൽകുന്നതിന് മേഖല ക്ഷീരോല്പാദകയൂണിയന് അവകാശമുണ്ടായിരിക്കും.

7. കരാറിന്റെ നിരക്ക് നോഗോഷ്യേറ്റ്ചെയ്ത് കുറയ്ക്കാൻ യൂണിയന് അവകാശമുണ്ടായിരിക്കുന്നതാണ്.

8. ഏതൊരുക്വൊട്ടേഷനും, യാതൊരുകാരണവും കാണിക്കാതെ നിരസിക്കുവാൻ യൂണിയന് അവകാശമുണ്ടായിരിക്കുന്നതാണ്.

9. ഒരുമാസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഇരുകൂട്ടർക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

10. കരാറുകാരന്റേയോ, ടിയാന്റെ ജീവനക്കാരന്റേയോ അനാസ്ഥ കാരണം മേഖല ക്ഷിരോല്പാദക യൂണിയന് ഏന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് കാരാറുകാരന്റെ ബിൽ തുകയിൽ നിന്നോ, മറ്റു നിയമപരമായ മാർഗ്ഗങ്ങളിലൂടേയോ ഈടാക്കുവാൻ അവകാശമുണ്ടായിരിക്കും.

11. കരാർലഭിക്കുന്ന വ്യക്തി/സ്ഥാപനം 200.00രൂപ മുദ്രപ്പത്രത്തിൽ നിബന്ധനകൾ അംഗീകരിച്ച് കരാർ ഒപ്പിട്ട് നൽകേണ്ടതാണ്.

12. ക്വൊട്ടേഷൻ നിജപ്പെടുത്തികിട്ടുന്ന ആൾ / സ്ഥാപനം 40000.00 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈ ഓഫീസിൽ അടയ്ക്കേണ്ടതും, മറ്റു നഷ്ട പരിഹാരതുക ഈടാക്കാനില്ലെങ്കിൽ ഇതു തിരികെ നൽകുന്നതും ആണ്.

ഈ വ്യവസ്ഥകൾ അനുസരിച്ച് കരാർ ഏറ്റെടുക്കാൻ തയ്യാറാണെങ്കിൽ ആയതു കാണിച്ചു കൊണ്ടും ക്ലീനിംഗ് ജോലികൾക്കു ഒരു മാസത്തേയ്ക്കുള്ള ഏറ്റവും കുറഞ്ഞ തുക കാണിച്ചു കൊണ്ടുള്ള ക്വൊട്ടേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖല സഹകരണ ക്ഷിരോല്പാദക യൂണിയൻ ക്ലിപ്തം, പട്ടം, തിരുവനന്തപുരം-4, എന്ന വിലാസത്തിൽ12.02.2025 തീയതി**2.30** പി.എം.-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. അന്നേദിവസം **3.00** പി.എം.-ന് സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വൊട്ടേഷനോടൊപ്പം 5000.00 രൂപയുടെ നിരതദ്രവ്യം രൊക്കം പണമായി ഈ ഓഫീസിൽ അടച്ചതിന്റെ രസീതും കരാർ സംബന്ധിച്ച മേൽപ്പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും അംഗീകരിച്ച് എല്ലാ പേജുകളിലും ഒപ്പു വച്ച് സമർപ്പിക്കേണ്ടതാണ്.

മാനേജിംഗ്ഡയറക്ടർ

പകർപ്പ്
സീനിയർ മാനേജർ (ഫിനാൻസ്)-ഹെഡ്ഓഫീസ്

# ക്ലീനിംഗ് കൊട്ടേഷൻ

28.01.2025-ലെ മലയാള മനോരമ ദിന പത്രപ്പരസ്യ പ്രകാരം ക്ലീനിംഗ് ജോലികൾ ഏറ്റെടുത്തു നടത്തുന്നതിന് എന്റെ / ഞങ്ങളുടെ ഏറ്റവും കുറഞ്ഞ നിരക്കും മറ്റ് വിവരങ്ങളും താഴെകൊടുക്കുന്നു.

| | | |
|---|---|---|
| 1. | നിരതദ്രവ്യം അടച്ച രസീത് നമ്പറും തീയതിയും | |
| 2. | ക്ലീനിംഗ്ജോലി-കൊട്ടുചെയ്യുന്ന പ്രതിമാസതുക | |
| 3. | പ്രതിദിനം ജോലിയ്ക്കു നിയോഗിക്കുന്നവരുടെഎണ്ണവുംഅവരുടെ പ്രതിമാസ ശമ്പളവും | |
| 4. | എന്റെ / ഞങ്ങളുടെകോൺട്രാക്ട്ലേബർ ലൈസൻസ് നമ്പർ | |
| 5. | എന്റെ /ഞങ്ങളുടെ പ്രോവിഡണ്ട് ഫണ്ട് രജിസ്ട്രേഷൻ നമ്പർ | |
| 6. | എന്റെ /ഞങ്ങളുടെഇ.എസ്.ഐ. രജിസ്ട്രേഷൻ നമ്പർ | |
| 7. | എന്റെ /ഞങ്ങളുടം മുൻ പ്രവൃത്തി പരിചയം | |
| | സ്ഥാപനത്തിന്റെ പേരുംമേൽവിലാസവും | കാലാവധി |
| | | |
| | | |
| | | |
| | | |
| | | |

മേൽപ്പറഞ്ഞ വിവരങ്ങൾ സത്യമാണെന്നും, ആവശ്യപ്പെടുന്ന മുറയ്ക്ക് എല്ലാ മേൽപ്പറഞ്ഞ രേഖകളുടേയും അസ്സൽ ഹാജരാക്കിക്കൊള്ളാമെന്നും സമ്മതിച്ചുകൊള്ളുന്നു. ഒപ്പിട്ട കരാർ വ്യവസ്ഥകളും നിരത ദ്രവ്യമടച്ചതിന്റെ രസീതിന്റെ അസ്സലും, പ്രവൃത്തി പരിചയം സംബന്ധിച്ച രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു. കരാർ ലഭിക്കുന്ന പക്ഷം കരുതൽ തുക കെട്ടിവച്ച് കരാർ ഒപ്പിട്ട് ജോലി ഏറ്റെടുത്ത് നടത്തിക്കൊള്ളാമെന്നും സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ് :
തീയതി: പേര്:
മേൽവിലാസം :